**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും വയോജനങ്ങൾക്കും സംരക്ഷണമൊരുക്കാൻ പോലീസ് ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. പ്രഭാകരൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഫലപ്രദമായ സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടലും ഘടനയും മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ജനമൈത്രി സുരക്ഷ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഫലപ്രദമായ സംരക്ഷ ണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടൽ മെച്ചപ്പെടുത്തുന്നതിന് വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് വിവിധ കർമ്മ പദ്ധതികൾ നടത്തി വരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്കാവശ്യമായ പോലീസ്-നിയമ-ആരോഗ്യ-അവബോധ സേവന ങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള 'സഖി വൺ സ്റ്റോപ്പ് സെന്ററുകളിൽ' പോലീസ് സേവനങ്ങൾ അതിജീവിതർക്ക് ഉടൻ ലഭ്യമാക്കുന്നതിനായി 63 വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തിരം സാമൂഹ്യ നീതി വകുപ്പിന് കീഴിൽ മുതിർന്ന പൗരന്മാർക്കായി ആരംഭിച്ചിട്ടുള്ള ELDERLINE (14567 എന്ന ടോൾഫ്രീ നമ്പർ) പദ്ധതിയിൽ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും മുതിർന്ന പൗരന്മാർക്കായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. വനിതാ പോലീസിന്റെ |

| | | | |
|---|---|---|---|
| | | | അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. KAP ആറാം ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പൊതുസ്ഥലങ്ങളിൽ മാത്രമല്ല സൈബറിടങ്ങളിലും സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ആക്രമണം നേരിടുന്നതിനാൽ ആയത് ഫലപ്രദമായി നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19 ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവി ധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിനു സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമവിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മൂന്നുഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കു വേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. പിങ്ക് പോലീസ് പ്രോജക്റ്റിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി ഒരു മാർഗ്ഗരേഖ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീയുൾപ്പെടെയുള്ള സംഘടനകളുടെ പങ്കാളിത്തത്തോടെ ലിംഗ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനത്തിന് പോലീസ് നേതൃത്വം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | കുടുംബശ്രീയുൾപ്പെടെയുള്ള സംഘടനകളുടെ പങ്കാളിത്തത്തോടെ ലിംഗ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനത്തിന് ജന മൈത്രി പോലീസ് നേതൃത്വം നൽകി വരുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ആത്മധൈര്യത്തോടെയും ഫലപ്രദമായും ചെറുക്കുന്നതിനായി സ്കൂൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ കാര്യാലയങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വനിതകൾക്കും കുട്ടികൾക്കുമായി 'വനിതാ സ്വയം |

| | | | |
|---|---|---|---|
| | | | പ്രതിരോധ പരിശീലന പദ്ധതി' ജനമൈത്രി സുരക്ഷ പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും നടത്തി വരുന്നു. COVID സാഹചര്യത്തിൽ തടസ്സപ്പെട്ടിരുന്ന ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടത്തുവാൻ വനിതാ ഉദ്യോഗസ്ഥരെ പ്രവർത്തന മാനദണ്ഡം നിശ്ചയിച്ച് നിയമിച്ചിട്ടുള്ള താണ്. |

സെക്ഷൻ ഓഫീസർ